STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.350/PR/SPMC/PHQ/2026 Date:08.08.2026

<u>പത്രക്കുറിപ്പ്</u>

# ഓപ്പറേഷൻ രക്ഷിത: 33 പേർ അറസ്റ്റിൽ
# 25 പേർ റിമാന്റിൽ

കേരള റെയിൽവേ പോലീസ് നടപ്പാക്കുന്ന ഓപ്പറേഷൻ രക്ഷിതയുടെ ഭാഗമായി ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്തെ 13 റെയിൽവേ പോലീസ് സ്റ്റേഷനുകളിൽ നടത്തിയ പരിശോധനയിൽ 33 പേർ അറസ്റ്റിലായി. ഇതിൽ 25 പേർ റിമാന്റിലാണ്. സ്ത്രീകളെ അപമാനിക്കൽ, ലൈംഗികാതിക്രമം, സ്ത്രീകളുടെ സ്വകാര്യത ലംഘിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ കുറ്റകൃത്യങ്ങളിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

ട്രെയിനിൽ യാത്രചെയ്യുന്ന സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും കേരള റെയിൽവേ പോലീസ് ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് ഓപ്പറേഷൻ രക്ഷിത. പരിശോധനകളും നിയമനടപടികളും തുടരുമെന്ന് റെയിൽവേ പോലീസ് സൂപ്രണ്ട് ബി. കൃഷ്ണകുമാർ അറിയിച്ചു.

ട്രെയിൻ യാത്രക്കിടയിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത അന്തരീക്ഷം ഉറപ്പാക്കുന്നതിനായി പ്രത്യേക നിരീക്ഷണവും പരിശോധനയും ശക്തമാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് എന്തെങ്കിലും

ബുദ്ധിമുട്ടുകളോ അതിക്രമങ്ങളോ നേരിടുകയാണെങ്കിൽ ഉടൻ തന്നെ റെയിൽവേ പോലീസിന്റെ സഹായം തേടണമെന്നും ഇതിനായി കേരള പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പായ പോൽ-ആപ്പിലെ (POL-APP) റെയിൽ മൈത്രി സേവനങ്ങൾ പ്രയോജനപ്പെടുത്തുകയോ, 112 (ERSS) എന്ന നമ്പറിലേക്കോ, റെയിൽ അലേർട്ട് (Rail Alert) 9846200100, 9846200150, 9846200180 എന്ന നമ്പറുകളിലേക്കോ വിളിക്കാവുന്നതാണ്.

ഇതു കൂടാതെ ഇന്ത്യൻ റെയിൽവേയുടെ റെയിൽ മദദ് (Rail Madad) 139 എന്ന നമ്പറിലൂടെയും റെയിൽ മദദ് ആപ്പ് വഴിയും യാത്രക്കാർക്ക് സുരക്ഷാ പ്രശ്നങ്ങൾ അറിയിക്കാവുന്നതാണ്.

. ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

***************************